# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

കാലിക്കറ്റ് സർവ്വകലാശാലയുടെ 2024-25 അധ്യയന വർഷത്തെ ഏകജാലക സംവിധാനം മുഖാന്തരമുള്ള ബി.എഡ്. പ്രവേശനത്തിന്റെ (കൊമേഴ്സ് ഓപ്ഷൻ ഒഴികെയുള്ള) ഒന്നാം അലോട്ട്മെന്റും ബി.എഡ്. സ്പെഷ്യൽ എഡ്യുക്കേഷൻ (ഹിയറിംഗ് ഇംപയേർഡ്/ ഇന്റലക്ച്വൽ ഡിസബിലിറ്റി) റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും മാൻഡേറ്ററി ഫീസായ

എ) എസ്.സി/എസ്.ടി/ഒ.ഇ.സി. വിഭാഗം – 135 രൂപ

ബി) മറ്റുള്ളവർ – 540 രൂപ

10.07.2024 ന് പകൽ 4 മണിക്കകം അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മാൻഡേറ്ററി ഫീസ് അടയ്ക്കാത്തവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്.

ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ 06.07.2024 മുതൽ 10.07.2024 ന് വൈകിട്ട് 4 മണി വരെ ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല.

ഹയർ ഓപ്ഷനുകൾ ഭാഗികമായോ പൂർണമായോ റദ്ദ് ചെയ്യാവുന്നതാണ്. കോളേജ്, കോഴ്സ് പുനഃക്രമീകരിക്കാവുന്നതിനോ, പുതിയ കോളേജോ, കോഴ്സുകളോ, കൂട്ടിചേർക്കുന്നതിനോ, മറ്റ് എഡിറ്റിങ്ങിനോ ഈ അവസരത്തിൽ സാധിക്കുന്നതല്ല.

ഹയർ ഓപ്ഷൻ റദ്ദ് ചെയ്യുന്നവർ നിർബന്ധമായും പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

ഫസ്റ്റ് ഓപ്ഷൻ ലഭിച്ചവർ അഡ്മിറ്റ് കാർഡ് എടുത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ സ്ഥിരം അഡ്മിഷൻ എടുക്കണം. ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർ എല്ലാ ഹയർ ഓപ്ഷനുകളും ക്യാൻസൽ ചെയ്ത് അഡ്മിറ്റ് കാർഡ് എടുത്ത് സ്ഥിരം അഡ്മിഷൻ എടുക്കണം. ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കാൻ ആഗ്രഹിക്കുന്നവർ മാൻഡേറ്ററി ഫീസ് അടച്ച് രണ്ടാം അലോട്ട്മെന്റിനുശേഷം മാത്രം കോളേജിൽ സ്ഥിരം പ്രവേശനം നേടിയാൽമതി.

സ്പോർട്സ് ക്വോട്ട പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തിരുവനന്തപുരത്തെ സ്പോർട്സ് കൗൺസിലിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് കോളേജുകൾക്ക് കൈമാറുന്നതാണ്.

ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് ലെയ്റ്റ് രജിസ്ട്രേഷനുള്ള സൗകര്യം 17.07.2024 മുതൽ 20.07.2024 വരെ ഉണ്ടായിരിക്കും.

ഫോൺ – 0494 2407017, 2407016, 2660600

(ഒപ്പ്)

ഡയറക്ടർ

C.U. Campus
05.07.2024